(8) ## ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച്

2016 ഒക്ടോബർ 25-ാം തീയതി ധനാഭ്യർത്ഥന ചർച്ചയ്ക്ക് മുമ്പ് സബ്ജക്ട് കമ്മിറ്റി മുമ്പാകെ ഹാജരാക്കുന്ന ധനാഭ്യർത്ഥനകളുടെ കുറിപ്പിൽ മുൻവർഷത്തെ ധനാഭ്യർത്ഥനകളുമായി താരതമ്യവും വ്യതിയാനങ്ങളുമുള്ളപക്ഷം അവയ്ക്കുള്ള കാരണങ്ങൾ ഹാജരാക്കണമെന്ന ചട്ടത്തിന് വിരുദ്ധമായി 2016-17-ലെ ബഡ്ജറ്റുമായി ബന്ധപ്പെട്ട ചില ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനാ കുറിപ്പുകളിൽ മുൻവർഷത്തെ ചെലവുകൾ സൂചിപ്പിച്ചിട്ടില്ല എന്നുകാണുന്നു. ഇത് സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനാ ചർച്ചയിൽ അംഗങ്ങൾക്ക് ഫലപ്രദമായി ഇടപെടുന്നതിന് തടസ്സമാണെന്നും വ്യക്തമായ കണക്കില്ലാതെ പുതിയ ചെലവുകളുടെ ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കുന്നത് ഉചിതമല്ലാത്തതിനാൽ ഇത്തരം തെറ്റായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(3) പ്രകാരം ധനാഭ്യർത്ഥനയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന വകുപ്പുകൾ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ധനാഭ്യർത്ഥനകളുമായി താരതമ്യവും വ്യതിയാനവുമുള്ളപക്ഷം അവയ്ക്കുള്ള കാരണങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നാൽ, ചില വകുപ്പുകൾ ഇക്കാര്യത്തിൽ

മതിയായ ശ്രദ്ധ പുലർത്തുന്നില്ലെന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ച തുടരുന്നത് അനുവദിക്കാൻ കഴിയില്ലെന്നും നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾക്കും സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശങ്ങൾക്കും അനുസൃതമായുള്ള കൃത്യമായ സ്റ്റേറ്റ്മെന്റുകൾ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നുള്ള കർശന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകുന്നതാണെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"ഈ വിഷയത്തിൽ വീഴ്ച ആവർത്തിക്കാതിരിക്കാൻ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുമെന്ന് ബഹു. നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. സമിതികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(3)-ൽ പരാമർശിച്ചിരിക്കുന്നത് പ്രകാരമായിരിക്കണം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച യോഗവുമായി ബന്ധപ്പെട്ട രേഖകൾ നൽകേണ്ടതെന്നും സഭാനടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ളതും സ്പീക്കർമാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതുമായ നിർദ്ദേശങ്ങൾ

---

* XIV KLA/II Session Vol.163 Report No. 15 dated 25-10-2016

പാലിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം പാർലമെന്ററികാര്യ വകുപ്പ് എല്ലാ ഭരണ വകുപ്പുകൾക്കും നൽകേണ്ടതാണെന്നും ചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്നതുപ്രകാരം യോഗ തീയതിക്ക് രണ്ട് ദിവസം മുമ്പ് ഇപ്രകാരമുള്ള രേഖകൾ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്നും റൂൾ ചെയ്യുന്നു"